കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 04 2018

ശബരിമല പത്രക്കുറിപ്പ്-1

മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

## തീർഥാടകർക്ക് ശുദ്ധജലവിതരണത്തിന് വിപുലമായ സംവിധാനങ്ങൾ

ശബരിമല: അയ്യപ്പഭക്തർക്ക് ശുദ്ധജലമെത്തിക്കുവാൻ ജല അതോറിറ്റി വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്. പമ്പയിലും പരിസരപ്രദേശത്തും പ്രതിദിനം 60 ലക്ഷം ലിറ്റർ ശുദ്ധജലവും ശബരിമലയിലും പമ്പ മുതൽ സന്നിധാനംവരെയുള്ള കാനനപാതയിലുമായി പ്രതിദിനം 70ലക്ഷം ലിറ്റർ ശുദ്ധജലവും എത്തിച്ച് വിതരണം ചെയ്യാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയതിനാൽ മണ്ഡല ഉത്സവകാലം പരാതികൾക്ക് ഇടനൽകാതെ ജലവിതരണം നടത്തുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് സാധിച്ചിട്ടു ന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

ഹൈക്കോടതി ശബരിമലയിൽ കുടിവെള്ളം നിരോധിച്ചതിനെ തുടർന്ന് തീർഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റേയും പത്തനംതിട്ട ജില്ലയിൽ മിഷൻ ഗ്രീൻപദ്ധതി നടപ്പാക്കുന്നതിന്റേയും ഭാഗമായി പമ്പയിൽ ജല അതോറിറ്റി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് കിയോസ്കുകളിൽ ശുദ്ധജലവിതരണം നടത്തിവരുന്നു.

മണിക്കൂറിൽ 5000 ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുന്ന പ്ലാൻറുകൾ പമ്പ ഓഫീസ് പരിസരം, ത്രിവേണി, ശരംകുത്തി, മരക്കൂട്ടം, സന്നിധാനം ഐ.ബി. എന്നിവിടങ്ങളിലും മണിക്കൂറിൽ 2000ലിറ്റർ ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകൾ കെ.എസ്.ആർ.ടി.സി. പരിസരം, ഹിൽടോപ്പ് എന്നിവിടങ്ങളിലും മണിക്കൂറിൽ 1000ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകൾ പമ്പ ഓഫീസ് പരിസരം, ത്രിവേണി, സന്നിധാനം ഐ.ബി, നീലിമല എന്നിവിടങ്ങളിലും സ്ഥാപിച്ചിട്ടു ്. മണിക്കൂറിൽ 1000ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകൾ മൂന്നെണ്ണം നിലയ്ക്കൽ പാർക്കിങ് ഗ്രൗ ിലും സജ്ജീകരിച്ചു.

പമ്പ മണപ്പുറമുൾപ്പടെ മുൻവർഷം സ്ഥാപിച്ച എല്ലാ സ്ഥലങ്ങളിലും ഈ വർഷവും കിയോസ്കുകൾ(ഏകദേശം 120 കിയോസ്കുകൾ) സ്ഥാപിച്ചിട്ടു ്. കൂടുതൽ കി

യോസ്കുകൾ ആവശ്യമെങ്കിൽ സ്ഥാപിക്കും. കൂടാതെ ഈ വർഷം പുതുതായി ചൂടുവെള്ളം/ തണുത്തവെള്ളം/സാധാരണവെള്ളം വിതരണം ചെയ്യുന്നതിനായി 12 ഡിസ്പെൻസർ യൂനിറ്റികൾ പമ്പ മുതൽ സന്നിധാനം വരെയുള്ള വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിച്ച് വരുന്നു. ത്രിവേണിസ്റ്റോറിന് സമീപം, കെ.എസ്.ആർ.ടി.സിയ്ക്ക് സമീപം, ശബരിപീഠം, നടപ്പന്തൽ, നീലിമല ടോപ്പ് പമ്പ്ഹൗസിന് സമീപം, അപ്പാച്ചിമേട്, ശരംകുത്തി. കാർഡിയാക്സെന്റർ(അപ്പാച്ചിമേട്), കാർഡിയാക് സെന്റർ(നീലിമല), സന്നിധാനം കെ.ഡബ്ളിയു.എ. ഐ.ബിയ്ക്ക് സമീപം എന്നീ സ്ഥലങ്ങളിലാണ് ഡിസ്പെൻസർ യൂനിറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ശുദ്ധജലം സെൻട്രൽ പൊതുജന ആരോഗ്യപരിസ്ഥിതി എൻജിനീയറിങ് ഓർഗനൈസേഷനും ലോക ആരോഗ്യസംഘടനയും നിഷ്കർഷിക്കുന്ന നിലവാരം പുലർത്തുന്നതാണ്. കുടിവെള്ളം പമ്പയിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ തന്നെ അത്യാധുനിക ലബോറട്ടറിയിൽ കർശനപരിശോധന നടത്തിയ ശേഷമാണ് വിതരണം നടത്തുന്നത്.

സമാന്തരപാതയായ സ്വാമിഅയ്യപ്പൻ റോഡിൽ ശുദ്ധജലവിതരണത്തിന് വിതരണക്കുഴലുകൾ സ്ഥാപിച്ച് ചരൽമേട് ഭാഗംവരെയും ദേവസ്വംബോർഡ് സ്ഥാപിക്കുന്ന ഇ-ടോയ്ലറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവയിൽ ആവശ്യാനുസരണം കുടിവെള്ള വിതരണം നടത്തിവരുന്നു.

ഉൽസവകാലങ്ങളിൽ ചാലക്കയം, നിലയ്ക്കൽ, പ്ലാപ്പള്ളി, ളാഹ, ഇലവുങ്കൽ, നാറാണംതോട് എന്നിവിടങ്ങളിലെ പോലീസ്, ഫയർഫോഴ്സ് അയ്യപ്പന്മാർ തുടങ്ങിയവർക്ക് ടാങ്കർലോറികളിൽ ശുദ്ധജലം ആവശ്യാനുസരണം എത്തിക്കുന്നു ്. വലിയവ ികൾ നിലയ്ക്കലിൽ പാർക്ക് ചെയ്യുന്നതുകൊ ് അയ്യപ്പന്മാരുടെ തിരക്ക് നിലയ്ക്കൽ പാർക്കിങ് ഗ്രൗ ിൽ കുടുതലാണ്. അവിടെ ദേവസ്വംബോർഡ്, പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകൾ വച്ചിട്ടുള്ള ടാങ്കുകളിൽ പമ്പയിൽനിന്ന് ശുദ്ധജലം ടാങ്കർലോറികൾ ആവശ്യാനുസരണം എത്തിച്ചുകൊടുക്കുന്നു ്.

ദേവസ്വംബോർഡ് നിലയ്ക്കലിൽ സമാന്തരമായി ജലലഭ്യതയ്ക്ക് ഉപയോഗിക്കുന്ന കുളത്തിൽ ജലംകുറഞ്ഞതിനാൽ അധികജലം ദേവസ്വംബോർഡിന്റെ 40 ലക്ഷം ലിറ്റർടാങ്കിൽ എത്തിക്കുന്നതിന് ജില്ലാ ഭരണകൂടവും ദേവസ്വംബോർഡും നിർദേശിച്ചിട്ടു ്. പ്രതിദിനം മൂന്നുലക്ഷം ലിറ്റർ അധികജലം ടാങ്കർലോറികളിൽ എത്തിച്ച് നിറക്കുന്ന പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടു ്.

സന്നിധാനത്തിലെ ജലവിതരണ ചുമതല ദേവസ്വംബോർഡിനാണ്. കുന്നാറിൽ നിന്നും ശേഖരിക്കുന്ന ര ുദശലക്ഷം ലിറ്റർ വെള്ളവും പമ്പയിൽനിന്നും ജല അതോറിറ്റി നാലുഘട്ടങ്ങളിലായി പമ്പ് ചെയ്ത് ശരംകുത്തിയിൽ എത്തിക്കുന്ന ഏഴ് ദശലക്ഷം ലിറ്റർ വെള്ളവും സന്നിധാനത്ത് വിതരണം ചെയ്യുന്നു. ശരംകുത്തിമുതൽ സന്നിധാനംവരെയും പാ ിത്താവളത്തും വാട്ടർ അതോറിറ്റി ദേവസ്വംബോർഡിന് ബൾക്ക് സപ്ലൈയായി ശുദ്ധജലം നൽകിവരുന്നു. ഈ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുന്നതും വിതരണം നടത്തുന്നതും ദേവസ്വംബോർഡ് നേരിട്ടാണ്.

ശുദ്ധജലത്തിന്റെ ഗുണനിലവാരം ഓരോമണിക്കൂർ ഇടവിട്ട് നിരീക്ഷിക്കുവാൻ പമ്പയിൽ ലബോറട്ടറിയും ജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ അസിസ്റ്റന്റ് എൻജിനീയറുടെ നേതൃത്വത്തിൽ കൺട്രോൾറൂം സജ്ജമാക്കും. തീർഥാടകർ ഒത്തുകൂടുന്ന പ്രധാന ഇടത്താവളങ്ങളായ പന്തളം, വടശ്ശേരിക്കര, റാന്നി, പെരുനാട് എന്നിവിടങ്ങളിലെ ജലവിതരണവും നിലവിലുള്ള പദ്ധതികളിൽനിന്ന് മുടക്കം കൂടാതെ നടന്നുവരുന്നു. പമ്പമുതൽ ശരംകുത്തിവരെ ജല അതോറിറ്റിയ്ക്കും ഒൻപക് സംഭരണികളിലായി 68 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിന് കഴിയുമെന്ന് എക്സിക്യൂട്ടീവ് എൻജനിയർ പറഞ്ഞു.

(പി.ആർ. ശബരി 378)

## സന്നിധാനത്ത് ഉദ്യോഗസ്ഥരുടെ ഭജന

ശബരിമല: സന്നിധാനത്തും പരിസരങ്ങളിലും വിവിധവകുപ്പുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ഭജന നടത്തി. സന്നിധാനം നടപന്തലിലെ ശ്രീ ശാസ്ത ഓഡിറ്റോറിയത്തിൽ ഡ്യൂട്ടി മജിസ്ട്രേറ്റ് സുനിൽ ലാലിന്റെ നേതൃത്വത്തിലാണ് കഴിഞ്ഞദിവസം വൈകീട്ട് ഭജന പാടിയത്. റവന്യൂ, ആരോഗ്യം, ശുചിത്വം തുടങ്ങി വിവിധമേഖലകളിലുള്ള ജീവനക്കാരും പങ്കെടുത്തു. തഹസിൽദാർ വി ശങ്കരൻ നമ്പൂതിരി, ഡപ്യൂട്ടി തഹസിൽദാർ രാംദാസ്, രാജേഷ് ഉണ്ണിത്താൻ, മഹേഷ് കോളോറ, ശിങ്കാരവേലൻ, എസ്. രാമകൃഷ്ണപ്രകാശ്, സിജു, രാഹുൽ, ഹരീഷ്, നാരായണപ്രസാദ് എന്നിവർ ഭജന ആലപിച്ചു. വി.ടി. ശ്രീജിത്ത്(മൃദംഗം) പക്കമേളമൊരുക്കി. ദേവസ്വം പി.ആർ.ഒ. മുരളികോട്ടയ്ക്കകം സംബന്ധിച്ചു.

(പി.ആർ. ശബരി 379)

## വില്ലാളിവീരന് അർച്ചനയായി കളരിപ്പയറ്റ്

ശബരിമല: വില്ലാളിവീരനായ അയ്യപ്പസ്വാമിയ്ക്ക് അർച്ചനയായി കളരിപ്പയറ്റ്. സന്നിധാനം ശ്രീശാസ്താ ഓഡിറ്റോറിയത്തിലാണ് വിവിധ കളരിമുറകൾ അവതരിപ്പിച്ചത്. കണ്ണൂർ തലശ്ശേരി മാർഷിൽ അക്കാദമിയും ഗുരുകൃപാ കളരിസംഘം കതിരൂരും അവതരിപ്പിച്ച കളരിപ്പയറ്റാണ് നടന്നത്. ചെറുവടി, കഠാര, ഒറ്റ, കുന്തം, വാളും പരിചയും, മറപിടിച്ച് കുന്തപ്പയറ്റ്, ഗദപയറ്റ്, കൊടുവാൾ പയറ്റ്, വെറും കൈമുറകൾ, മെയ്യഭ്യാസമുറകൾ എന്നിവ അവതരിപ്പിച്ചു. കെ.എസ്. സദാശിവൻ ഗുരുക്കളുടെ നേതൃത്വത്തിൽ ഇരുപതിൽപരം അഭ്യാസികൾ പരിപാടി അവതരിപ്പിച്ചു. കതിരൂർ ഗുരുക്കളുടേയും തച്ചോളി ഒതേനന്റേയും നാട്ടിൽനിന്ന് അഞ്ചാമത്തെ വർഷമാണ് പരിപാടി അവതരിപ്പിക്കാൻ വരുന്നത്. മൂന്നരപതിറ്റാ ായി സദാശിവൻ ഗുരുക്കൾ മുടങ്ങാതെ സന്നിധാനത്തിൽ അയ്യപ്പദർശനത്തിനായി എത്താറു ്.

(പി.ആർ. ശബരി 380)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | |
|---|---|
| JANUARY 04 | 2018 |



## ശബരിമല പത്രക്കുറിപ്പ്-2


മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com


## അമ്മൻകുടംസംഘം ശബരീശദർശനം നടത്തി

ശബരിമല: കാൽനൂറ്റാ ായി മകരവിളക്ക് ഉൽസവത്തോടനുബന്ധിച്ച് കോട്ടയം ജില്ലയിലെ എന്തയാർ നിന്നുള്ള അമ്മൻകുടംസംഘം നടത്തുന്ന ശബരിമലയിലേയ്ക്കുള്ള തീർഥയാത്ര ഈവർഷവും സുഖദർശനത്തോടെ സമാപിച്ചു. കോരുത്തോട് രമേശന്റെ നേതൃത്വത്തിൽ വിളക്കുസംഘവും എന്തയാർ കൊച്ചുവീട്ടിൽ മുരളീധരന്റെ നേതൃത്വത്തിലുള്ള ചെ മേളക്കാരും ഉൾപ്പെടുന്ന സംഘം ശബരിമലയിൽ ദർശനം നടത്തി. തുടർച്ചയായി 25-ാം വർഷമാണ് ഇവർ ദർശനത്തിന് എത്തുന്നത്. 20 വിളക്കുകാരും 25 മേളക്കാരും ഉൾപ്പെടുന്നതാണ് അമ്മൻകുടംസംഘം. ശ്രീപരമേശ്വരന്റെ വേഷത്തിൽ ശ്രീദേവും മണികണ്ഠ വേഷത്തിൽ ഹരിയും അമ്മൻകുടത്തോടൊപ്പം പതിനെട്ടാംപടി ചവിട്ടി ശ്രീധർമ്മശാസ്താവിനെ ദർശിച്ചു. കഴിഞ്ഞവർഷങ്ങളിൽ പോലീസിന്റെ കർപ്പൂരാഴി നടക്കുന്ന ദിവസമാണ് അമ്മൻകുടംസംഘം സന്നിധാനത്ത് എത്തിയിരുന്നത്. തെളിയിച്ച നിലവിളക്കുകളുമേന്തി സംഘം സന്നിധാനത്ത് ചെ മേളത്തിനൊപ്പം ചുവടുവെച്ചപ്പോൾ ക ുനിന്ന അയ്യപ്പഭക്തർ ഭക്തിലഹരിയിൽ മുഴുകി.

(പി.ആർ. ശബരി 381)

## മകരവിളക്ക് : കെ.എസ്.ഇ.ബി. വെളിച്ചം നൽകുന്ന പ്രവൃത്തി ജനുവരി ഏഴിനകം പൂർത്തിയാക്കും

ശബരിമല : മകരവിളക്കിനോടനുബന്ധിച്ച് ഭക്തൻമാരുടെ യാത്ര സുഗമമാക്കുന്നതിനും ജ്യോതി ദർശനത്തിന് ക്യാമ്പ് ചെയ്യുന്നവരെ സഹായിക്കുന്നതിനുമായി വെളിച്ചം നൽകുന്ന പ്രവൃത്തി ജനുവരി ഏഴിനകം പൂർത്തിയാക്കുമെന്ന് കെ.എസ്.ഇ.ബി. അധികൃതർ അറിയിച്ചു. 1000 ത്തോളം സട്രീറ്റ് ലൈറ്റുകളാണ് ഇതിന്റെ ഭാഗമായി പ്രകാശം പരത്തുക. കഴിഞ്ഞ വർഷം മകരവിളക്ക് സമയത്ത് സ്ഥാപിച്ചിരുന്ന വൈദ്യുതി വിളക്കുകളെക്കാൾ 300 എണ്ണം അധികമായി ഈ വർഷം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടു ്. പുതിയ റോഡുകൾ,കെട്ടിടങ്ങൾ എന്നിവ നിലവിൽ വന്നതിനാലാണ് സുരക്ഷയുടെ ഭാഗമായി കൂടുതൽ വൈദ്യുതി വിളക്കുകൾ ആവശ്യമായി വന്നിരിക്കുന്നത്. പ്രവൃത്തികൾ നടത്തുന്നതിന്റെ ഭാഗമായി വനം വകുപ്പുമായി ധാരണ ഉ ാക്കിയിട്ടു ്. ഇതിനു പുറമെ പോലിസിന്റെ ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങളും പരിഗണിച്ചിട്ടു ്.

ഒരുകുഴി, പുൽമേട് വഴി, പാ ിതാവളം, ഫോറസ്റ്റ് സ്റ്റേഷന്റെ പിറകുവശം, ഹെലിപ്പാട്, ബി.എസ്.എൻ.ടവറിന് പിറകു വശം,എന്നിവിടങ്ങളിലാണ് അധികമായി വൈദ്യുതിവിളക്കുകൾ സ്ഥാപിക്കുന്നത്. പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് ഇതിൽ ഒരുകുഴി, പുൽമേട് വഴി എന്നിവിടങ്ങളിൽ പണി പൂർത്തിയാക്കി വെളിച്ചം നൽകി കഴിഞ്ഞു. ബാക്കിയുള്ള സ്ഥലങ്ങളിലാണ് ജനുവരി ഏഴിനകം പണി പൂർത്തിയാക്കി വെളിച്ചം നൽകാൻ ഉദ്ദേശിക്കുന്നത്. പണിയുടെ പുരോഗതി അസിസ്റ്റന്റ് എഞ്ചിനിയർ സുരേഷ് കുമാർ സി.സി., എക്സിക്യൂട്ടീവ് എഞ്ചിനിയർ മനോജ് എന്നിവരുടെ മേൽ നോട്ടത്തിൽ ഓരോ ദിവസവും അവലോകനം ചെയ്യുന്നു ്. പ്രവർത്തികൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പയിൽ 15 ജീവനക്കാരും സന്നിധാനത്ത് 10 ജീവനക്കാരും ജോലി ചെയ്യുന്നു. ഇതിനു പുറമെ 10 കരാർ ജിവനക്കാരും പ്രവർത്തന നിരതരാണ്.

(പി.ആർ. ശബരി 382)

## മന്തുരോഗ നിവാരണപരിപാടി ഉദ്ഘാടനം ചെയ്തു

ശബരിമല: മന്ത്രോഗ നിവാരണപരിപാടിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് പമ്പയിൽ പ്രതിരോധമരുന്ന് വിതരണം ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് നവീൻബാബു നിർവഹിച്ചു. പമ്പ മെഡിക്കൽ ഓഫീസർ ഡോ. ഹരീഷ്, ഹെൽത്ത് സൂപ്പർവൈസർ കെ. ജെസ്റ്റിൻ, ഹെൽത്ത് ഇൻസ്പെക്ടർമാരായ ജീ. ഗോപകുമാർ, സജിരാജ്, വിപിൻ, പ്രദീപ് എന്നിവർ പങ്കെടുത്തു. 253 ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രതിരോധമരുന്ന് വിതരണം ചെയ്തു. ജനുവരി ആറിനകം മുഴുവൻ ഇതരസംസ്ഥാന തൊഴിലാളികൾക്കും മരുന്ന് വിതരണം ചെയ്യും.

(പി.ആർ. ശബരി 383)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 04 | 2018 |
|---|---|



ശബരിമല പത്രക്കുറിപ്പ്-3

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

## അഞ്ചുഭാഷകളിൽ അനൗൺസ് ചെയ്യാൻ ഓരേയൊരു ശ്രീനിവാസ്സ്വാമി

ശബരിമല: ശബരിമലയിലെത്തുന്ന കോടിക്കണക്കിന് അയ്യപ്പഭക്തന്മാർക്ക് അറിയിപ്പുകൾ നൽകുകയാണ് കഴിഞ്ഞ 17 വർഷമായി(2000 മുതൽ) ബാംഗ്ലൂർ മേടഹള്ളി സ്വദേശി ശ്രീനിവാസ്സ്വാമി. ദേവസ്വം പബ്ലിക്ക് റിലേഷൻസ് ഓഫീസർ മുരളി കോട്ടയ്ക്കകത്തിന്റെ സന്നിധാനത്തുള്ള പബ്ലിസിറ്റി ആന്റ് ഇൻഫർമേഷൻ ഓഫീസിൽ വിവിധഭാഷ അനൗൺസറായി സേവനമനുഷ്ഠിക്കുകയാണ് സ്വാമി. മാതൃഭാഷ കന്നഡയാണെങ്കിലും തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സ്വാമി അറിയിപ്പുകൾ നൽകുന്നു.

അയ്യപ്പഭക്തർ അറിഞ്ഞിരിക്കേ   തും അനുഷ്ഠിക്കേ   തുമായ കാര്യങ്ങൾ വിവിധഭാഷകളിൽ അനൗൺസ് ചെയ്യുക, ഭക്തർ നേരിട്ടും ടെലിഫോണിലും ചോദിക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകുക, പൂജകളുടേയും വഴിപാടുകളുടേയും വിവരങ്ങൾ മൈക്കിലൂടെ അറിയിക്കുക, കൂട്ടംപിരിഞ്ഞെത്തുന്നവരെ ഉച്ചഭാഷിണിയിലൂടെ അറിയിച്ചുവരുത്തി അവരെ കൂട്ടിയോജിപ്പിക്കുക, കളഞ്ഞുകിട്ടിയ സാധനങ്ങളെപ്പറ്റി മൈക്കിലൂടെ പറഞ്ഞ് ഉടമസ്ഥനെ വരുത്തി തിരികെ നൽകുക എന്നിവയാണ് ശ്രീനിവാസ്സ്വാമിയുടെ പ്രധാന ജോലി.

ഇതരസംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകിച്ച് തെക്കേ ഇന്ത്യയിലുള്ള സംസ്ഥാനങ്ങളിൽ നിന്നും ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് ഒരു അ

ത്താണിയാണ് ശ്രീനിവാസ്സ്വാമി. ബി.എസ്.എഫ്. ജവാനായി ജോലി ചെയ്തിരുന്ന സ്വാമി ഉദ്യോഗം ഉപേക്ഷിച്ച് നാട്ടിലെത്തി ഓട്ടോ ഡ്രൈവറായി ഉപജീവനം തുടങ്ങി. വിവിധസ്ഥാപനങ്ങളിൽ സെക്യൂരിറ്റിയായും സേവനമനുഷ്ഠിച്ചു. ഇടയ്ക്ക് തുടങ്ങിയ മദ്യപാനം ശബരിമല അയ്യപ്പസ്വാമിയുടെ ദർശനം ലഭിച്ചശേഷം പൂർണമായും ഉപേക്ഷിച്ചു.

മദ്യപാനത്തിൽനിന്നും മുക്തനായ ശേഷം ഇപ്പോൾ നാട്ടിൽ മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ വ്യാപൃതനാണ് സ്വാമി. ലഹരിവിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചും, ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചും മദ്യപിക്കുന്നവരെ അതിൽനിന്നും പിൻതിരിച്ച് പുനരധിവസിപ്പിച്ചും പ്രവർത്തിക്കുകയാണ് ശ്രീനിവാസ്. കർണാടക അയ്യപ്പസേവാസംഘം സെക്രട്ടറി പണിക്കർ മുഖേനയാണ് ശ്രീനിവാസ്സ്വാമി 2000 മുതൽ ശബരിമല പി.ആർ.ഒ. ഓഫീസിൽ സേവനത്തിനെത്തിയത്. ഭാര്യയും ര ് പെൺമക്കളും അടങ്ങുന്നതാണ് കുടുംബം. കുട്ടികൾ ര ും വിവാഹിതരായി. ശേഷിക്കുന്നകാലം ശബരിമല സേവനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനാണ് ശ്രീനിവാസ്സ്വാമിയുടെ ആഗ്രഹം.

(പി.ആർ. ശബരി 384)

## സന്നിധാനത്ത് മന്തുരോഗ നിർമ്മാർജ്ജന ഗുളിക വിതരണം ചെയ്തു.

ശബരിമല: ദേശീയ മന്തുരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടത്തുന്ന ഡി.ഇ.സി. ഗുളിക വിതരണത്തിന്റെ ഉദ്ഘാടനം സന്നിധാനത്തെ വിശുദ്ധിസേനാ അംഗങ്ങൾക്ക് ഗുളികകൾ നൽകി ഡ്യൂട്ടി മജിസ്ട്രേറ്റ് സുനിൽലാൽ നിർവഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ. സന്തോഷ് സമൂഹചികിൽസാ പരിപാടി വിശദീകരിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ.എസ്. മനോജ് സ്വാഗതവും ഡി.കെ. ജയേഷ്കുമാർ നന്ദിയും പറഞ്ഞു. ഹെൽത്ത് ഇൻസ്പെക്ടർ ശിശുപാലൻ, ഫീൽഡ് വർക്കർമാരായ പി.വി. മനോജ്കുമാർ, ടി. സുമേഷ്, വിശുദ്ധിസേനാ ലീഡർ രാമലിംഗം എന്നിവർ പങ്കെടുത്തു. സന്നിധാനത്ത് വിവിധ സ്ഥാപനങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടുവരുന്ന മുഴുവൻ ഇതരസംസ്ഥാനക്കാരായ തൊഴിലാളികൾക്കും ജനുവരി ആറിനകം സമൂഹചികിൽസാ പരിപാടിയുടെ ഭാഗമായി ഗുളികകൾ വിതരണം ചെയ്യും.

ആരോഗ്യജാഗ്രത പരിപാടിയുടെ ഭാഗമായി ഉറവിടനശീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം എല്ലാവിഭാഗം ജനങ്ങളിൽ എത്തിക്കുന്നതിനും പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങളിൽ എല്ലാവരേയും പങ്കാളികളാക്കുന്നതിനും വിവിധപദ്ധതികൾ നടപ്പിലാക്കുന്നതാണെന്ന് ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു

ഡി.ഇ.സി. ഗുളികകൾ വർഷത്തിൽ ഒരുതവണ കഴിക്കുന്നതിലൂടെ ശരീരത്തിലുള്ള മന്തുവിര കുഞ്ഞുങ്ങൾ മുഴുവൻ നശിച്ച് ഭാവിയിൽ മന്തുരോഗം ഉ ാകുന്നതിനുള്ള സാധ്യത പൂർണമായും ഇല്ലാതാക്കുന്നു.

(പി.ആർ. ശബരി 385)

.

## സന്നിധാനത്ത് ഇന്ന്(ജനുവരി അഞ്ച്)

ശബരിമല: സന്നിധാനം ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ഇന്ന് വൈകീട്ട് മൂന്ന് മുതൽ ആറുവരെ മധു കാനായി അവതരിപ്പിക്കുന്ന പാരായണവും തുടർന്ന് രാത്രി ഏഴുമുതൽ എട്ടുവരെ ഇരിങ്ങാലക്കുട കൊരുമ്പ് മൃദംഗ കളരി അവതരിപ്പിക്കുന്ന മൃദംഗമേളയും ഉ ായിരിക്കും.

(പി.ആർ. ശബരി 386)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 04 | 2018 |
|---|---|

**ശബരിമല പത്രക്കുറിപ്പ്-4**

മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

---

## *സന്നിധാനത്ത് പോലീസ് ഉദ്യോഗസ്ഥർ അന്നദാനം നടത്തി*

ശബരിമല: സന്നിധാനത്ത് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർ അയ്യപ്പഭക്തർക്കായി അന്നദാനം നടത്തി. പോലീസ് കാന്റീനിൽ നടത്തിയ അന്നദാനം വിഭവസമൃദ്ധമായിരുന്നു. പോലീസ് സ്പെഷ്യൽ ഓഫീസർ ദേബേഷ്കുമാർ ബഹ്റ, അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ രമേഷ്കുമാർ എന്നിവർ നേതൃത്വം നൽകി.

(പി.ആർ. ശബരി 387)

## *എരുമേലി പേട്ടതുള്ളൽ- പ്രശ്നങ്ങൾ പരിഹരിച്ചു*

ശബരിമല: എരുമേലി പേട്ടതുള്ളലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ചു. നിരവധി വർഷങ്ങളായി നിലനിന്നിരുന്ന പ്രശ്നങ്ങൾ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് സുഗമമായി പരിഹരിക്കാൻ കഴിഞ്ഞതായി ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു.

പ്രശ്നം പരിഹരിക്കാൻ ബോർഡ് പ്രസിഡന്റ് ആലുവ ദേവസ്വം അതിഥിമന്ദിരത്തിൽ വിളിച്ചുചേർത്ത യോഗത്തിൽ ബോർഡ് മെമ്പർമാരായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വം കമ്മീഷ്ണർ സി.പി. രാമരാജ പ്രേമപ്രസാദ്, ലോ-ഓഫീസർ ഗോപകുമാർ എന്നിവർ സംബന്ധിച്ചു. ആലങ്ങാട് പേട്ട

തുള്ളൽ സംഘത്തിലെ ഇരുവിഭാഗക്കാരുമായി ചർച്ച ചെയ്താണ് പ്രശ്നം പരിഹരിച്ചത്. അമ്പാടത്ത് കുടുംബകാരണവരെ പെരിയവനായി അംഗീകരിക്കാൻ ഇരുവിഭാഗക്കാരും സമ്മതിച്ചു.

ആചാരങ്ങൾക്ക് വിഘ്നം വരാതേയും തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലും ആലങ്ങാട് സംഘത്തിന്റേതായ ഒറ്റപേട്ട തുള്ളൽ നടത്തും. എരുമേലി പേട്ടയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ആളുകളുടെ ഭാഗത്തുനിന്നും ചർച്ചയിലൂടെ സമാവായ തീരുമാനം ഉണ്ടായതായി പ്രസിഡന്റ് പത്മകുമാർ പറഞ്ഞു.

(പി.ആർ. ശബരി 388)

## ആലുവ ശിവരാത്രി മഹോത്സവം പ്ലാസ്റ്റിക് രഹിതമാക്കും

ശബരിമല: ഫെബ്രുവരി 13ന് വരുന്ന ഈ വർഷത്തെ ആലുവശിവരാത്രി മഹോത്സവം പരിപൂർണമായും പ്ലാസ്റ്റിക് രഹിതമാക്കാൻ ആലുവ ദേവസ്വം അതിഥി മന്ദിരത്തിൽ ഇന്ന് ചേർന്ന അവലോകനയോഗത്തിൽ തീരുമാനമായതായി ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ അറിയിച്ചു. ആലുവ ശിവരാത്രി മഹോത്സവം നടക്കുന്ന ആലുവ മണപ്പുറത്തും പുഴയോരത്തും പരിസരപ്രദേശങ്ങളിലും പ്ലാസ്റ്റിക് രഹിതമാക്കും. ശിവരാത്രി മഹോത്സവത്തിനും പിതൃതർപ്പണത്തിന്റെ സുഗമമായ നടത്തിപ്പിനുമായി വിവിധവകുപ്പുകളുടെ ഏകോപനം ഉണ്ടാകണമെന്ന് പ്രസിഡന്റ് പറഞ്ഞു.

പിതൃതർപ്പണം നടക്കുന്ന സ്ഥലം ശുചിയായി സൂക്ഷിക്കാനും ബലിയിടാൻ വരുന്നവർ പ്ലാസ്റ്റിക് ഒഴിവാക്കിവരാനും പ്രസിഡന്റ് അഭ്യർഥിച്ചു. ശിവരാത്രി നാളിൽ ദേവസ്വംബോർഡ് അന്നദാനം നടത്തുവാനും അതിന് പ്രത്യേകഫണ്ട് കണ്ടെത്തുവാനും തീരുമാനിച്ചു. ശിവരാത്രിക്കുള്ള ഒരുക്കങ്ങൾ കാലേകൂട്ടി നടത്തുവാനും തീരുമാനിച്ചു. മണൽചാക്കുകൾ നിറച്ചും അപകടസൂചനാ ബോർഡുകൾ സ്ഥാപിച്ചും സുരക്ഷിതത്വം ഉറപ്പുവരുത്തും. വാട്ടർഅതോറിറ്റി കുടിവെള്ളം എത്തിക്കുന്നതുകൂടാതെ ദേവസ്വംബോർഡിന്റെ ചുമതലയിൽ അഞ്ച് കുടിവെള്ള കൗണ്ടറുകൾ തുറക്കും. പോലീസ്, റവന്യൂ, ആരോഗ്യവകുപ്പ് തുടങ്ങിയ വിവിധസർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ബോർഡ് മെമ്പർമാരായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വം കമ്മീഷ്ണർ, ചീഫ് എൻജിനീയർ, ലോ–ഓഫീസർ എന്നിവരും പങ്കെടുത്തു.

(പി.ആർ. ശബരി 389)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.